"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് പ്രവർത്തനത്തിനായി കെട്ടിടം വാടകയ്ക്ക് എടുത്ത നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.127/2025/LSGD തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.955/2023/ത.സ്വ.ഭ.വ തീയതി 02-05-2023

2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 14.08.2024-ലെ NO.3/2024/KTTKB/RENT നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി, 10-01-2022 ലെ സ.ഉ.(എം.എസ്) നം.1/2022/PWD നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഓഫീസ് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ബോർഡ് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം അടിയന്തിരമായി ഒരുക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ, പരാമർശ ഉത്തരവിൽ നിർദ്ദേശിച്ച നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ട്, വാടക നിരക്ക് താരതമ്യേന കുറവായതും, ബോർഡിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനു ചുമതലയുള്ള MGNREGS മിഷൻ ഡയറക്ടറുടെയും മറ്റ് ഔദ്യോഗിക അംഗങ്ങളുടെയും ഓഫീസുകളോട് വളരെ അടുത്ത് സ്ഥിതി ചെയ്യുന്നതുമായ സൗത്ത് കേരള ഡയസിസിന്റെ ഉടമസ്ഥതയിൽ ഉള്ള പാളയം LMS കോമ്പൗണ്ടിലെ CWC ബിൽഡിംഗിൽ, 1000 ചതുരശ്ര അടി സ്ഥലം സ്ക്വയർ ഫീറ്റിന് 30/- രൂപ+GST നിരക്കിൽ ക്ഷേമനിധി ബോർഡ് വാടകയ്ക്ക് എടുത്ത് ഓഫീസ് പ്രവർത്തനം ആരംഭിച്ചുവെന്നും, ഈ നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം ബോർഡ് ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബോർഡിന് സംസ്ഥാന ബഡ്ജറ്റിൽ വിഹിതം ലഭ്യമല്ലാതിരുന്നതിനാലും പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഫണ്ട് കണ്ടെത്താൻ കഴിയാതിരുന്നതുമായ സാഹചര്യത്തിലാണ് നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ട് ലഭ്യമായ കെട്ടിടം ബോർഡ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് വാടകയ്ക്ക് എടുത്തത് എന്നും ഔദ്യോഗിക, അനൗദ്യോഗിക ഡയറക്ടർമാർക്ക് ബോർഡ് യോഗത്തിൽ വളരെ എളുപ്പത്തിൽ എത്തി ഔദ്യോഗിക ചുമതല നിറവേറ്റി മടങ്ങാൻ കഴിയുന്ന സൗകര്യപ്രദമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും മഹാത്മാഗാന്ധി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഉപയോഗിച്ചിരുന്നതുമായ സ്ഥലമാണ് വാടകയ്ക്ക് എടുത്തത് എന്നുമുള്ള ബോർഡ് ചെയർമാന്റെ വിശദീകരണം കണക്കിലെടുത്ത്, സൗത്ത് കേരള ഡയസിസിന്റെ ഉടമസ്ഥതയിൽ ഉള്ള പാളയം LMS

കോമ്പൗണ്ടിലെ CWC ബിൽഡിംഗിന്റെ മൂന്നാം നിലയിൽ 1000 ചതുരശ്ര അടി സ്ഥലം സ്ക്വയർ ഫീറ്റിന് 30/- രൂപ+GST നിരക്കിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസിനായി വാടകയ്ക്ക് എടുത്ത ക്ഷേമനിധി ബോർഡിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

ചെയർമാൻ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 15-01-2025 12:02:59

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്